# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:04.08.2025**

## പ്രധാനവാർത്തകൾ

1. അന്തരിച്ച ഝാർഖണ്ഡ് മുൻമുഖ്യമന്ത്രി ഷിബു സോറന് ആദരമർപ്പിച്ച് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ ബഹളം മൂലം ലോക്സഭ ഉച്ചക്ക് രണ്ടുവരെ നിർത്തിവച്ചു.

2. സംസ്ഥാനത്ത് വെളിച്ചെണ്ണ വില കുറയുമെന്ന് മന്ത്രി ജി.ആർ. അനിൽ.

3. കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾ വീടുകളിൽ നേരിട്ടെത്തിച്ച് വിപണനം നടത്തുന്ന ഹോംഷോപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ സംസ്ഥാനതല സംഗമത്തിന് കളമശേരിയിൽ തുടക്കമായി

4. തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാൻ ഇനി നാലുദിവസം കൂടി. ഇതുവരെ അപേക്ഷ നൽകിയത് പത്തുലക്ഷത്തിലേറെ പേർ.

5. കസാക്കിസ്ഥാനിലെ ഖൊസനോവ് മെമ്മോറിയൽ അത്‌ലറ്റിക്സ് മീറ്റിൽ ട്രിപ്പിൾ ജംമ്പ് കിരീടം നേടി മലയാളിതാരം അബ്ദുള്ള അബൂബക്കർ.

RNU TVPM

6. സംസ്ഥാനത്ത് ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യത. ആറു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്നുമുതൽ നാലുദിവസം വിലക്ക്.

&&&&&&&&&&&&&&&&&&

## പാർലമെൻറ്

വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം തുടരുന്നു. ബഹളത്തെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 2:00 മണി വരെ നിർത്തിവച്ചു. ഇന്ന് രാവിലെ അന്തരിച്ച ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബു സോറനോടുള്ള ആദരസൂചകമായി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## ഷിബു സോറൻ അന്തരിച്ചു

ജാർഖണ്ഡ് മുക്തി മോർച്ചയുടെ മുതിർന്ന നേതാവും

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയുമായ ഷിബു സോറൻ ന്യൂഡൽഹിയിൽ അന്തരിച്ചു. 81 വയസ്സായിരുന്നു . 38 വർഷം ജാർഖണ്ഡ് മുക്തി മോർച്ചയെ നയിച്ച അദ്ദേഹം, ജാർഖണ്ഡിന്റെ മൂന്നാമത്തെ മുഖ്യമന്ത്രിയായിരുന്നു. കേന്ദ്ര മന്ത്രിസഭയിൽ കൽക്കരി മന്ത്രിയായും സേവനമനുഷ്ഠിച്ചു. മുഖ്യമന്ത്രി ഹേമന്ദ് സോറന്റെ പിതാവാണ് .

ഷിബു സോറന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. ആദിവാസി സമൂഹങ്ങളെയും, ദരിദ്രരെയും, അടിച്ചമർത്തപ്പെട്ടവരെയും ശാക്തീകരിക്കുന്നതിൽ അദ്ദേഹം പ്രത്യേക താൽപ്പര്യം കാണിച്ചിരുന്നുവെന്ന് പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**മന്ത്രി ജി.ആർ. അനിൽ - ഇൻട്രോ**

സംസ്ഥാനത്ത് വെളിച്ചെണ്ണ വില ഇനിയും കുറയുമെന്ന് മന്ത്രി ജി.ആർ. അനിൽ. സപ്ലൈകോ വഴി ഓണത്തിന് റേഷൻ കാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ രണ്ട് ലിറ്റർ വെളിച്ചെണ്ണ ലഭ്യമാക്കുമെന്ന് അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വിപണിയിലെ മോശം വെളിച്ചെണ്ണ കണ്ടെത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

(വോയിസ്)

&&&&&&&&&&&&&&&&&&

**കുടുംബശ്രീ ഹോംഷോപ്പ്**

കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ കുടുംബശ്രീ അംഗങ്ങൾ വീടുകളിൽ നേരിട്ടെത്തിച്ച്

RNU TVPM

വിപണനം നടത്തുന്ന ഹോംഷോപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ സംസ്ഥാനതല സംഗമം എറണാകുളം കളമശേരിയിൽ നടക്കുന്നു. പരിപാടിയുടെ ഭാഗമായി കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന ആപ്പായ പോക്കറ്റ്മാർട്ട് വഴിയുള്ള ഓണം ഗിഫ്റ്റ് വിതരണം മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്തു. പ്ലേ സ്റ്റോറിലും ആപ് സ്റ്റോറിലും ആപ്പ് ലഭ്യമാണ്. ഇന്ത്യയിലെവിടെയും ഉൽപന്നങ്ങൾ കൊറിയർ വഴി എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**മന്ത്രി എം ബി രാജേഷ് - ഇൻട്രോ**

RNU TVPM

സംസ്ഥാനത്ത് കൂടുംബശ്രീയുടെ കീഴിൽ ആരംഭിച്ച കെ-ലിഫ്റ്റ് പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് മന്ത്രി എം ബി രാജേഷ്. പദ്ധതി ആരംഭിച്ചപ്പോൾ ലക്ഷ്യമിട്ടതിനെക്കാൾ കൂടുതൽ സംരംഭങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനായ് ആവിഷ്കരിക്കാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. (വോയിസ്)

&&&&&&&&&&&&&&&&&&

**കരട് വോട്ടർപട്ടിക**

കേരളത്തിൽ തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും ഇനി നാലുദിവസം കൂടി അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തുലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈമാസം 30ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

**MSC എൽസ -3**

പുറങ്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പൽ MSC എൽസ -3 യിൽ നിന്ന് എണ്ണയും, കണ്ടെയ്നറുകളും വീണ്ടെടുക്കുന്നതിനുള്ള ദൗത്യം കൊല്ലം പോർട്ട് കേന്ദ്രീകരിച്ച് ആരംഭിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ ഉൾപ്പെട്ട 20 അംഗ സാൽവേജ് സംഘം പോർട്ടിലെത്തി. കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് എണ്ണ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. പോർട്ടിലെ എമിഗ്രേഷൻ ഓഫീസും, ചെക്പോയിൻ്റും പ്രവർത്തന സജ്ജമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

**മന്ത്രി ആർ ബിന്ദു - ഇൻട്രോ**

ട്രാൻസ്ജെൻഡർ വിഭാഗത്തിനൊപ്പം എല്ലാ പിന്തുണയുമായി സമൂഹം ഒപ്പമുണ്ടാകണമെന്ന് മന്ത്രി ആർ ബിന്ദു. കളമശേരിയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള

ഏവിയേഷൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. (വോയിസ്)

&&&&&&&&&&&&&&&&&&

ശിവഗിരി -ശതാബ്ദി

വർക്കല ശിവഗിരി മഠത്തിൻ്റെ നേതൃത്വത്തിൽ ആലുവ സർവമത സമ്മേളന ശതാബ്ദി ആഘോഷം ഈമാസം 24നു ദുബായിൽ നടക്കും. ഷെയ്ഖ് സയീദ് റോഡ് ക്രൗൺ പ്ലാസയിൽ നടക്കുന്ന പരിപാടിയിൽ ശിവഗിരി മഠത്തിലെ സന്യാസി ശ്രേഷ്ഠർക്കൊപ്പം യുഎഇയിലെ 7 എമിറേറ്റുകളിലെയും അറബ് പ്രതിനിധികൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

RNU TVPM

കാലാവസ്ഥ

കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത തുടരുന്നു.

ഇന്ന് തെക്കു പടിഞ്ഞാറൻ അറബിക്കടലിൽ 65 കിലോമീറ്റർ വരെ ശക്തമായ കാറ്റിനു സാധ്യയുണ്ട്. കേരള, ലക്ഷദ്വീപ്

തീരങ്ങളിൽ വ്യാഴാഴ്ച വരെ മൽസ്യ ബന്ധനത്തിനു പോകരുതെന്നും മുന്നറിയിപ്പുണ്ട്. മറ്റന്നാൾ വരെ കന്യാകുമാരി പ്രദേശത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

ഡാം അലർട്ട്

കേരളത്തിലെ പ്രധാന അണക്കെട്ടുകളിൽ ജലനിരപ്പ് ഉയരുകയാണ്. ഇടുക്കി അണക്കെട്ടിൽ സംഭരണ ശേഷിയുടെ 70.33 ശതമാനവും വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ടിൽ 88.63 ശതമാനവും ഷോളയാർ അണക്കെട്ടിൽ 99.81 ശതമാനവും വെള്ളം ഉണ്ട്. ജലാശയങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള വിനോദയാത്രകൾ ഒഴിവാക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

കള്ളക്കടൽ പ്രതിഭാസം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 08.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും

RNU TVPM

സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

**ട്രിപ്പിൾ ജംപ്**

കസാക്കിസ്ഥാനിലെ അൽമാറ്റിയിൽ ഇന്നലെ രാത്രി നടന്ന ഖൊസനോവ് മെമ്മോറിയൽ അത്‌ലറ്റിക്സ് മീറ്റിൽ ഇന്ത്യൻ അത്‌ലറ്റും മുൻ ഏഷ്യൻ ചാമ്പ്യനും മലയാളിയുമായ അബ്ദുള്ള അബൂബക്കർ പുരുഷ ട്രിപ്പിൾ ജംപ് കിരീടം നേടി.16.08 മീറ്റർ ചാടിയാണ് അദ്ദേഹം വിജയം ഉറപ്പിച്ചത്. അടുത്തമാസം ടോക്കിയോയിൽ നടക്കാനിരിക്കുന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടാനുള്ള ശ്രമത്തിലാണ് അബ്ദുള്ള അബൂബക്കർ.

RNU TVPM

&&&&&&&&&&&&&&&&&&

**ദേശീയ ജൂനിയർ നീന്തൽ**

അഹമ്മദാബാദിൽ നടക്കുന്ന ദേശീയ ജൂനിയർ നീന്തലിൽ ആദ്യ ദിനം കേരളത്തിന് ഒരു സ്വർണ്ണം ഉൾപ്പെടെ നാല് മെഡലുകൾ. പെൺകുട്ടികളുടെ 50 മീറ്റർ ബാക്ക് സ്ട്രോക്കിൽ ശ്രേയ ബിനിൽ സ്വർണ്ണം നേടി.

&&&&&&&&&&&&&&&&&&

ക്രിക്കറ്റ്

ഓവലിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. നാലാം ദിവസമായാ ഇന്നലെ കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് ആറ് വിക്കറ്റിന് 339 റൺസ് എടുത്തു. ഇന്ന് ഇന്ത്യയ്ക്കെതിരെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കുന്ന ഇംഗ്ലണ്ടിന് ജയിക്കാൻ 35 റൺസ് കൂടി മതി;നാലു വിക്കറ്റും കൈയിലുണ്ട്. ഇന്ത്യയ്ക്ക് കളി ജയിക്കാനും പരമ്പര സമനിലയിലാക്കാനും ബാക്കിയുള്ള നാല് വിക്കറ്റുകൾ നേടിയേ മതിയാകൂ.

&&&&&&&&&&&&&&&&&&

സബ് ജൂനിയർ ദേശീയ നീന്തൽ

41-ാമത് സബ് ജൂനിയർ ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പിനും 51-ാമത് ജൂനിയർ ദേശീയ വാട്ടർ പോളോ ആൻഡ് ഡൈവിംഗ് അക്വാട്ടിക് ചാമ്പ്യൻഷിപ്പിനും ഇന്ന് ബെംഗളൂരുവിൽ തുടക്കം . രാജ്യത്തുടനീളമുള്ള 600-ലധികം പേർ പങ്കെടുക്കും.ഇന്നും നാളെയുമായി നടക്കുന്ന നീന്തൽ മത്സരങ്ങളിൽ 22 സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

RNU TVPM

## ഓഹരി + സ്വര്‍ണ്ണം

രാജ്യത്തെ ഓഹരി വിപണികളില്‍ നേട്ടം. ബോംബെ ഓഹരി സൂചിക സെന്‍സെക്സ് 261 പോയിന്റ് ഉയര്‍ന്ന് 80,861 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 98 നേട്ടത്തില്‍ 24,663 ലും വ്യാപാരം തുടരുന്നു.

സ്വര്‍ണ്ണവിലയില്‍ നേരിയ വര്‍ദ്ധന. പവന് 40 രൂപ വര്‍ദ്ധിച്ച് 74,360 രൂപയും ഗ്രാമിന് 9,295 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## റിസര്‍വ്വ് ബാങ്ക് ഓഫ് ഇന്ത്യ

റിസര്‍വ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂന്ന് ദിവസത്തെ ധനനയ സമിതി യോഗത്തിന് തുടക്കമായി. യോഗ തീരുമാനങ്ങള്‍ ആര്‍ ബി ഐ ഗവര്‍ണര്‍ സഞ്ജയ് മല്‍ഹോത്ര മറ്റന്നാള്‍ പ്രഖ്യാപിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&&&&